സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 171 2024 ഒക്ടോബർ 23 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണ വില കുതിക്കുന്നു: പവന് 58,720 രൂപയായി

തൃശൂർ: സ്വർണ വിലയിൽ വീണ്ടും മുന്നേറ്റം. ഇന്ന് പവന് 320 രൂപയാണ് കൂടിയത്. ഗ്രാമിന് 40 രൂപ കൂടി 7340 രൂപയായി. രണ്ടാഴ്ചക്കിടെ മാത്രം സ്വർണ വിലയിലുണ്ടായ വർധന 2,520 രൂപയാണ്. കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ 10 ഗ്രാം സ്വർണ്ണത്തിന്റെ വില 78,755 രൂപയാണ്. ഡോളർ സൂചികയിലെ കുതിപ്പാണ് ഇപ്പോഴത്തെ വർധനവിന്റെ പ്രധാന കാരണം. ആഗോളതലത്തിൽ സ്വർണത്തിന്റെ വില യുഎസ് ഡോളറിലാണ് കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ ഡോളർ കരുത്താർജിക്കുമ്പോൾ മറ്റ് കറൻസികളിൽ സ്വർണത്തിന്റെ മൂല്യമുയരാനിടയാകുന്നു. വരും ദിവസങ്ങളിലും വർധന തുടരാനാണ് സാധ്യത.

വയനാടിനെ ആവേശമാക്കാൻ പ്രിയങ്ക എത്തി, റോഡ് ഷോയിൽ വൻ ജന പങ്കാളിത്തം

കൽപറ്റ: പ്രിയങ്ക ഗാന്ധിയുടെ കന്നിയങ്കം ആഘോഷമാക്കാൻ വയനാട്ടിലെ കോൺഗ്രസ് പ്രവർത്തകർ. വമ്പൻ റോഡ് ഷോയോടെയാവും പ്രിയങ്ക പത്രിക സമർപ്പിച്ചത്. റോഡ് ഷോയ്ക്കായി പ്രിയങ്കയും രാഹുലും സോണിയയും എത്തി. വൻ ജന പങ്കാളിത്തതോടെ റോഡ് ഷോ ആരംഭിച്ചു.

കൽപ്പറ്റയിൽ പതിനായിരങ്ങളെ അണിനിരത്തിയുള്ള റോഡ് ഷോയ്ക്ക് ശേഷമാണ് പത്രികാസമർപ്പിച്ചത്. പ്രിയങ്കയ്ക്കൊപ്പം രാഹുൽ ഗാന്ധിയും കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും റോഡ് ഷോയുടെ ഭാഗമാകുന്നുണ്ട്. രാവിലെ 11 മണിയോടെ പുതിയ ബസ്റ്റാൻഡ് പരിസരത്ത് നിന്ന് ആരംഭിച്ചു കൽപ്പറ്റ മഹാറാണി വസ്ത്രാലയ പരിസരത്ത് സമാപിക്കും വിധമാണ് റോഡ് ഷോ ക്രമീകരിച്ചിരിക്കുന്നത്.

ഇന്ന് രാവിലെ പത്തരയോടെ രാഹുൽ ഗാന്ധിയും മല്ലികാർജുൻ ഖർഗെയും കണ്ണൂരിൽ നിന്ന് ഹെലികോപ്റ്റർ മാർഗം വയനാട്ടിലെത്തിയിരുന്നു. പ്രിയങ്കയുടെ തിരഞ്ഞെടുപ്പ് അരങ്ങേറ്റം അതിഗംഭീരമാക്കാൻ പ്രവർത്തകർ സജ്ജമാണ്. വിവിധ ജില്ലകളിൽ നൂറ് കണക്കിന് പ്രവർത്തകരാണ് കൽപ്പറ്റയിൽ എത്തിയത്. സമാപന വേദിയിൽ പ്രിയങ്ക ഗാന്ധി പ്രവർത്തകരെ അഭിസംബോധന ചെയ്യും. പ്രിയങ്ക ഇന്നലെ തന്നെ വയനാട് എത്തിയിരുന്നു.

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ റായ്ബറേലിയിലും വയനാട്ടിലും വൻ ഭൂരിപക്ഷത്തോടെ ജയിച്ച രാഹുൽ ഗാന്ധി റായ്ബറേലിയെ പ്രതിനിധാനം ചെയ്യാൻ തീരുമാനിച്ചതോടെയാണ് വയനാട്ടിൽ ഉപതിരഞ്ഞെടുപ്പിന് സാധ്യത തെളിഞ്ഞതും പ്രിയങ്കയെ സ്ഥാനാർഥിയായി പ്രഖ്യാപിക്കുന്നതും.

നാമനിർദേശ പത്രിക നൽകി ഇന്നു വെകിട്ട് തന്നെ പ്രിയങ്കയും സോണിയയും രാഹുലും ഡൽഹിയിലേക്ക് തിരിക്കും. ഒക്ടോബർ അവസാന വാരം മുതൽ തിരഞ്ഞെടുപ്പു വരെയുള്ള പത്തുദിവസം വയനാട്ടിൽ ക്യാമ്പ് ചെയ്ത് പ്രചരണം നടത്താനാണ് പ്രിയങ്കയുടെ തീരുമാനം.

യു.എസ്സിൽ മക്ഡൊണാൾഡ്സ് ബർഗർ കഴിച്ചവർക്ക് ഭക്ഷ്യവിഷബാധ

വാഷിങ്ടൺ: അമേരിക്കയിൽ മക്ഡൊണാൾഡ്സിന്റെ ഔട്ട്ലറ്റുകളിൽ വൻ ഭക്ഷ്യവിഷബാധ. വിവിധ സംസ്ഥാനങ്ങളിലായി നിരവധിപേർ ചികിത്സ തേടിയിട്ടുണ്ട്. കൊളാറോഡോയിൽ ഒരു മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇ കോളി ബാക്ടീരിയയുടെ സാന്നിധ്യമാണ് ഭക്ഷ്യവിഷബാധയിലേക്ക് നയിച്ചതെന്ന് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ(സി.ഡി.സി) അറിയിച്ചു.

സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 11 വരെയുള്ള കാലയളവിലാണ് മക്ഡൊണാൾഡ്സിന്റെ ഔട്ട്ലെറ്റുകളിൽ നിന്നുള്ള ഭക്ഷ്യവിഷബാധ റിപ്പോർട്ട് ചെയ്പ്പെട്ടത്. ബർഗർ കഴിച്ചവർക്കാണ് ഭക്ഷ്യവിഷബാധയേറ്റത്. 10 വെസ്റ്റേൺ സംസ്ഥാനങ്ങളിലേക്ക് ഇത് വ്യാപിക്കുകയും ചെയ്തു. കൊളാറോഡോ, നെബ്രസ്ക മേഖലകളിലാണ് കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു.

സത്യസന്ധമായി ജോലി ചെയ്യുന്നവരെ ചോദ്യംചെയ്യാൻ അനുവദിക്കില്ല–പിണറായി

തിരു : നിർഭയമായി, നീതിയുക്തമായി ജോലി ചെയ്യുന്നവരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യാൻ ആരെയും അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നവീൻ ബാബുവിന്റെ മരണം അതീവ ദു:ഖകരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള സെക്രട്ടേറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ വാർഷിക സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവീൻ ബാബുവിന്റെ ആത്മഹത്യനടന്ന് ഒമ്പതാം നാളാണ് മുഖ്യമന്ത്രിയുടെ പരസ്യ പ്രതികരണം പുറത്തുവന്നിരിക്കുന്നത്. നിർഭയമായി നീതിയുക്തമായി ജോലി ചെയ്യുന്നവരെ സംരക്ഷിക്കുമെന്നും അത്തരക്കാരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യാൻ ആരെയും അനുവദിക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഈയടുത്ത കാലത്ത് നമ്മുടെ സർവീസിലുണ്ടായിരുന്ന ഒരാളുടെ കാര്യം നാട് പ്രത്യേകമായി ശ്രദ്ധിക്കുന്ന ഘട്ടമാണിത്. കണ്ണൂർ എഡിഎമ്മായിരുന്ന നവീൻ ബാബുവിന്റെ മരണം അതീവ ദു:ഖകരമാണ്. സത്യസന്ധമായി ജോലി ചെയ്യുന്നവരെ ചോദ്യം ചെയ്യാൻ അനുവദിക്കില്ല. ഇതുപോലൊരു ദുരന്തം ഇനി നാട്ടിൽ ഉണ്ടാവരുത്. ശക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കും. അത് ഉറപ്പിക്കാനുള്ള നടപടി ഉണ്ടാവും.' – മുഖ്യമന്ത്രി പറഞ്ഞു

സിവിൽ സർവീസ് രംഗം മെച്ചപ്പെടണമെന്നും പഴയ കാലഘട്ടത്തിന്റെ ഹാങ് ഓവർ ചിലർക്ക് ഇപ്പോഴുമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ഉണ്ടാവരുത്. കേരളം അഴിമതി കുറഞ്ഞ സംസ്ഥാനമാണ്. ഫയൽനീക്കത്തിന്റെ വേഗത വർധിപ്പിക്കാൻ ശ്രമം നടക്കുന്നുണ്ട്. വകുപ്പുകൾക്കിടയിലെ ഫയൽനീക്കത്തിന് കാലതാമസം ഉണ്ടാകരുതെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു.

എ.ഡി.എമ്മിന്റെ മരണം സംബന്ധിച്ചുള്ള അന്വേഷണത്തിൽ ഒരുരീതിയിലുള്ള ഇടപെടലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ലെന്ന് കഴിഞ്ഞദിവസം എൽ.ഡി.എഫ്. യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നു. അന്വേഷണം ശരിയായ രീതിയിൽ നടക്കുമെന്നും അത് എത്രയും വേഗം പൂർത്തിയാക്കാനാണ് നിർദേശിച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി യോഗത്തെ അറിയിക്കുകയുണ്ടായി. കുറ്റക്കാർക്കെതിരേ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടാകില്ലെന്നും പി.പി. ദിവ്യക്കെതിരേ ഇപ്പോൾ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എല്ലാം സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വിശദീകരിക്കുകയുണ്ടായി.

ബെംഗളൂരുവിൽ തകർന്ന കെട്ടിടം നിർമിച്ചത് അനധികൃതമായി, കർശന നടപടി എടുക്കാൻ ഡി.കെ.ശിവകുമാർ

ബെംഗളൂരു: ഈസ്റ്റ് ബെംഗളൂരുവിലെ ഹൊറമാവ് അഗാരയിൽ നിർമാണത്തിൽ ഇരിക്കെ തകർന്നുവീണ കെട്ടിടത്തിന്റെ നിർമാണം എല്ലാ നിയമങ്ങളും ലംഘിച്ചെന്ന് റിപ്പോർട്ടുകൾ. അഞ്ചുപേരുടെ മരണത്തിനിടയാക്കിയ അപകടത്തിൽ നിയമം ലംഘിച്ചവർക്കെതിരെ കർശന നടപടിയെടുക്കാൻ കർണാടക ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാർ നിർദേശിച്ചു. അപകടസ്ഥലം സന്ദർശിച്ച ശേഷമാണ് അദ്ദേഹം നടപടിക്ക് ഉത്തരവിട്ടത്.

അനധികൃതമായാണ് കെട്ടിട നിർമാണം നടക്കുന്നത്. യാതൊരു അനുമതിയും ഇതിന് നൽകിയിട്ടില്ല. ഈ കെട്ടിടത്തിന്റെ ഉടമയ്ക്കും കരാറുകാരനുമെതിരെ കർശന നടപടിയെടുക്കും. ഇവിടെ മാത്രമല്ല ബെംഗളൂരുവിൽ എല്ലായിടത്തും നടക്കുന്ന സർവ്വ അനധികൃത നിർമാണ പ്രവർത്തനങ്ങളും കണ്ടെത്തി തടയും. ഈ കെട്ടിടവുമായി ബന്ധപ്പെട്ട എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും ഡി.കെ. ശിവകുമാർ അറിയിച്ചു.

7 ജില്ലകളിൽ യെല്ലോ അലർട്ട്

തിരു: സംസ്ഥാനത്ത് ഇന്ന് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ രൂപപ്പെട്ട ന്യൂനമർദം തീവ്ര ന്യൂനമർദമായി ശക്തിപ്രാപിച്ച് ഇന്ന് ചുഴലിക്കാറ്റായും നാളെ രാവിലെയോടെ തീവ്ര ചുഴലിക്കാറ്റായും ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര സമുദ്ര സ്ഥിതി നിരീക്ഷ വിഭാഗവും വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ ഏഴു ജില്ലകളിൽ മഴ ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലാണ് യെല്ലോ അലേർട്ട്.

കാണാനില്ല, കണ്ടെത്താൻ സഹായിക്കുന്നവർക്ക് ഒരു ലക്ഷം രൂപ ഇനാം: പിപി ദിവ്യക്കെതിരെ ലുക്ക് ഔട്ട് നോട്ടീസ്

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ആരോപണ വിധേയയായ പി പി ദിവ്യയ്ക്കെതിരെ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ച് യൂത്ത് കോൺഗ്രസ് കണ്ണൂർ ജില്ലാകമ്മിറ്റി. കണ്ടുപിടിച്ചുകൊടുക്കുന്നവർക്ക് ഒരു ലക്ഷംരൂപ ഇനാം നൽകുമെന്നും നോട്ടീസിൽ പറയുന്നുണ്ട്. കണ്ടുകിട്ടുന്നവർ തൊട്ടടുത്തുള്ള പൊലീസ് സ്റ്റേഷനിലോ കോൺഗ്രസ് ഓഫീസിലോ അറിയിക്കണമെന്നും നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആരോപിക്കപ്പെട്ട കുറ്റവും നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. കോൺഗ്രസ് കേരളയെന്ന എക്സ് പേജിലാണ് നോട്ടീസ് പ്രത്യക്ഷപ്പെട്ടത്.

നവീൻബാബുവിനെ ആത്മഹത്യയിലേക്ക് നയിച്ച കുറ്റത്തിൽ 10 വർഷം വരെ തടവ് ലഭിക്കാവുന്ന ഏക പ്രതിയാണ് ദിവ്യ. എന്നാൽ ഇവരെ ഇതുവരെ പോലീസ് അറസ്റ്റുചെയ്തിട്ടില്ല. ഇതിലുള്ള പ്രതിഷേധമായാണ് നോട്ടീസ് പുറത്തിറക്കിയത്. ദിവ്യക്കായി അന്വേഷണം നടക്കുന്നുണ്ടെന്നും ഒളിവിലാണെന്നുമാണ് അന്വേഷണോദ്യോഗസ്ഥർ മാദ്ധ്യമങ്ങളോട് പറഞ്ഞത്. എന്നാൽ, ഒളിവിലുള്ള പ്രതിക്കായി പ്രാഥമികമായി നടത്തുന്ന പരിശോധനകൾ പോലും ദിവ്യക്കെതിരെ ഉണ്ടായിട്ടില്ല. ഭർത്താവ് വി.പി. അജിത്തും ദിവ്യ എവിടെയുണ്ടെന്ന ചോദ്യത്തിന് മറുപടി നൽകുന്നില്ല.

എഡിഎമ്മിന് കൈക്കൂലി നൽകിയതിന് തെളിവുണ്ടെന്ന് വരുത്തി ദിവ്യയ്ക്കെതിരായ പൊതുജന വികാരത്തിന്റെ തീവ്രത കുറയ്ക്കാനാണ് ശ്രമം. ദിവ്യയ്ക്കെതിരെ നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടും തുടക്കത്തിലേ ഉഴപ്പ് തുടരുകയാണ് അന്വേഷണസംഘം. നാളെയാണ് ദിവ്യയുടെ മുൻകൂർ ജാമ്യാപേക്ഷ തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി പരിഗണിക്കുന്നത്. അതുവരെയെങ്കിലും ഒളിവുസംരക്ഷണം ഒരുക്കാനാണ് പോലീസിന്റെ പരിശ്രമം. ചോദ്യം ചെയ്യാൻ വിളിപ്പിച്ചാൽ അറസ്റ്റും റിമാൻഡുമെല്ലാം വേണ്ടിവരും. അത് ഒഴിവാക്കുകയാണ് ലക്ഷ്യം എന്നാണ് ആരോപണം.

നവീൻ ബാബുവിന് താൻ കൈക്കൂലി നൽകിയെന്ന് പെട്രോൾ പമ്പ് അപേക്ഷകൻ ടി.വി.പ്രശാന്തൻ കഴിഞ്ഞദിവസം പൊലീസിനു മൊഴി നൽകിയിരുന്നു. സ്വർണം പണയംവച്ച് സ്വരൂപിച്ച പണം ആറാം തീയതി കാർട്ടേഴ്സിലെത്തി കൈമാറിയെന്നാണ് മൊഴി. രണ്ടാംതവണയാണ് ആരോപണം ആവർത്തിക്കുന്നത്.

സ്വർണം പണയം വച്ചതിന്റെ രേഖകളും എ.ഡി.എമ്മുമായി ഫോണിൽ സംസാരിച്ചതിന്റെ തെളിവുകളും ഹാജരാക്കിയിട്ടുണ്ട്. പ്രശാന്തനെതിരായ വിജിലൻസ് അന്വേഷണവും തുടരുകയാണ്. മുഖ്യമന്ത്രിക്കു നൽകിയതായി പ്രശാന്തൻ അവകാശപ്പെട്ട പരാതിയിലെ പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി മുസ്ലിം ലീഗിന്റെ പ്രാദേശിക നേതാവ് നൽകിയ പരാതിയിലാണ് വിജിലൻസ് അന്വേഷണം. വിജിലൻസ് കോഴിക്കോട് യൂണിറ്റ് ഉടൻ ഈയാളുടെ മൊഴി രേഖപ്പെടുത്തും.

ഹേമ കമ്മിറ്റി കേസ് പരിഗണിക്കുന്ന ജഡ്ജിമാരുമായി ചേംബറിൽ ചർച്ച; ഗുരുതര ആരോപണവുമായി മുകുൾ റോത്തഗി

ന്യൂഡൽഹി : ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്ന കേരള ഹൈക്കോടതിയിലെ ജഡ്ജിമാരുമായി അഡ്വക്കേറ്റ് ജനറലും പ്രത്യേക അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരും ചേമ്പറിൽ ചർച്ച നടത്തുന്നുവെന്ന് സീനിയർ അഭിഭാഷകൻ മുകുൾ റോത്തഗി. ഹർജികൾ ഹൈക്കോടതി പരിഗണിക്കുന്ന ദിവസങ്ങളിൽ രാവിലെ അര മണിക്കൂറോളം ഈ കൂടിക്കാഴ്ചകൾ നീളുന്നതായും മുകുൾ റോത്തഗി സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. മാധ്യമങ്ങൾ ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുകുൾ റോത്തഗി സുപ്രീം കോടതിയിൽ വ്യക്തമാക്കി.

ഹൈക്കോടതി ജഡ്ജിയുടെ ചേംബറിൽ നടക്കുന്ന ചർച്ചയുടെ വിശദാംശം എന്താണെന്ന് ആർക്കും അറിയില്ല. പക്ഷെ ഈ ചർച്ചകൾക്ക് ശേഷമാണ് കേസിൽ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നതെന്നും മുകുൾ റോത്തഗി കോടതിയിൽ ചൂണ്ടിക്കാട്ടി. ഹേമ കമ്മിറ്റിക്ക് മുമ്പാകെ ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള കേരള ഹൈക്കോടതി ഉത്തരവിന് എതിരായ ഹർജി സുപ്രീം കോടതി പരിഗണിക്കുന്ന വേളയിലാണ് മുകുൾ റോത്തഗി ഗുരുതര ആരോപണം ഉന്നയിച്ചത്. സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്ത നിർമാതാവ് സജിമോൻ പാറയലിന് വേണ്ടിയാണ് മുകുൾ റോത്തഗി സുപ്രീം കോടതിയിൽ ഹാജരായത്. മുകുൾ റോത്തഗിക്ക് പുറമെ സീനിയർ അഭിഭാഷകൻ കെ പരമേശ്വർ, അഭിഭാഷകൻ എ കാർത്തിക്, സൈബി ജോസ് കിടങ്ങൂർ എന്നിവരും സജിമോൻ പാറയലിന് വേണ്ടി സുപ്രീം കോടതിയിൽ ഹാജരായി.

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഉള്ള മൊഴികളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ജസ്റ്റിസുമാരായ ജയശങ്കർ നമ്പ്യാർ, സി എസ് സുധ എന്നിവർ അടങ്ങിയ ഹൈക്കോടതി ബെഞ്ച് ആണ് ഉത്തരവിട്ടിരുന്നത്. എന്നാൽ അന്വേഷണം നടത്തുന്ന വേളയിൽ പരാതിക്കാരുടെ പേരുകൾ പരസ്യപ്പെടുത്തരുത് എന്നും ഹൈക്കോടതി നിർദേശിച്ചിരുന്നു. ആരോപണ വിധേയർക്ക് കേസിന്റെ അന്തിമ റിപ്പോർട്ട് ഫയൽ ചെയ്യുന്നത് വരെ FIS ഉൾപ്പടെയുള്ള രേഖകൾ കൈമാറരുതെന്നും ഹൈക്കോടതി നിർദേശിച്ചിരുന്നു. ഈ നിർദേശം സുപ്രീം കോടതി വിധിയുടെ ലംഘനം ആണ്. എഫ്ഐആർ കോപ്പി നൽകരുത് എന്ന നിർദേശം കേട്ടുകേൾവി ഇല്ലാത്തതാണെന്നും മുകുൾ റോത്തഗി വാദിച്ചു.

തുടർന്നാണ് സജിമോൻ പാറയലിന്റെ ഹർജിയിൽ സുപ്രീം കോടതി സംസ്ഥാന സർക്കാർ ഉൾപ്പടെയുള്ള എതിർ കക്ഷികൾക്ക് നോട്ടീസ് അയച്ചത്. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ മൊഴികളുടെ അടിസ്ഥാനത്തിൽ 40 കേസുകൾ പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്യാൻ തയ്യാറെടുക്കുകയാണ്. അതിനാൽ ഹൈക്കോടതി ഉത്തരവ് അടിയന്തിരമായി സ്റ്റേ ചെയ്യണം എന്നും മുകുൾ റോത്തഗി ആവശ്യപ്പെട്ടു. എന്നാൽ സ്റ്റേ ആവശ്യം അടുത്ത തവണ കേസ് പരിഗണിക്കുമ്പോൾ തീരുമാനിക്കാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി. സ്റ്റേ ആവശ്യത്തിലും ജസ്റ്റിസ് മാരായ വിക്രം നാഥ് പി ബി വരാലെ എന്നിവർ അടങ്ങിയ ബെഞ്ച് നോട്ടീസ് അയച്ചു. ഹർജി മൂന്ന് ആഴ്ചക്ക് ശേഷം സുപ്രീം കോടതി പരിഗണിക്കും.

എൽ.ഡി.എഫിന് കിട്ടേണ്ട ഒരുവിഭാഗം വോട്ടുകൾ ഷാഫിക്ക് പോയി, സരിൻ പറഞ്ഞത് നൂറുശതമാനം ശരി: എ.കെ.ബാലൻ

പാലക്കാട്: 2021 നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷക്കാർ ഷാഫി പറമ്പിലിന് വോട്ടുചെയ്തുവെന്ന പി.സരിന്റെ അഭിപ്രായം ആവർത്തിച്ച് സി.പി.എം. കേന്ദ്ര കമ്മിറ്റിയംഗം എ.കെ.ബാലൻ. സരിൻ പറഞ്ഞതിൽ ഒരു അപകടവുമില്ല. സി.പി.എമ്മിന്റെയോ എൽ.ഡി.എഫ്. ഘടകകക്ഷികളുടേതോ അല്ലാത്ത ഒരു വിഭാഗം വോട്ട് ഞങ്ങൾക്കുണ്ട്. ആ വോട്ടിന്റെ ഒരുഭാഗം കോൺഗ്രസിലേക്ക് പോയി. ബി.ജെ.പി. ജയിക്കാൻ പാടില്ല എന്നുള്ളത് കൊണ്ടാണ് ഇങ്ങനെയുണ്ടായതെന്നും എ.കെ. ബാലൻ പറഞ്ഞു.

ഈ തിരഞ്ഞെടുപ്പിൽ പാലക്കാട് മണ്ഡലത്തിൽ ബി.ജെ.പി. ഇപ്പോൾ മൂന്നാം സ്ഥാനത്ത് പോലുമില്ല. വേറെ ആരെങ്കിലുമുണ്ടെങ്കിൽ അവരായിരിക്കും മൂന്നാമത് എത്തുക. ഇവിടെ മത്സരം എൽ.ഡി.എഫും യു.ഡി.എഫും തമ്മിലാണ്. യു.ഡി.എഫിൽ നിന്നുകൊണ്ട് എൽ.ഡി.എഫിനും സി.പി.എമ്മിനും മുഖ്യമന്ത്രിക്കുമെതിരെ ഏതെല്ലാം തരത്തിലുള്ള തുറുപ്പുചീട്ടുകൾ ഇറക്കിയിട്ടുണ്ടോ അതിന് ആരൊക്കെയാണോ കാരണക്കാർ അവരെക്കൊണ്ടു തന്നെ തിരിച്ചുപറയിപ്പിക്കും. അതിനുള്ള അവസരങ്ങൾ ഞങ്ങൾ ഉപയോഗിക്കുമെന്നുമാണ് എ.കെ.ബാലൻ പറയുന്നത്.

ഡോക്ടർ സരിനെ ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. എൽ.ഡി.എഫിന് ചരിത്ര വിജയമാണ് പാലക്കാട് ഉണ്ടാകാൻ പോകുന്നത്. രണ്ട് കാരണങ്ങൾ ഉയർത്തിയാണ് പി.സരിൻ കോൺഗ്രസ് വിട്ടത്. അതിൽ പ്രധാനപ്പെട്ടത് സംഘടനാപരമാണ്. മറ്റൊന്ന് രാഷ്ട്രീയവുമാണ്. സംഘടനാപരമെന്ന് അദ്ദേഹം ഉദേശിച്ചത് കോൺഗ്രസിൽ ഉൾപാർട്ടി ജനാധിപത്യമില്ല എന്നുള്ളതാണ്. ചില നേതാക്കളെ ചാരിനിന്നാൽ മാത്രമേ പ്രൈമോഷൻ ഉള്ളൂവെന്നാണ്.

കേരളത്തിൽ 51 ശതമാനം വോട്ടിന്റെ അംഗീകാരമുള്ള പാർട്ടിയൊന്നുമല്ല സി.പി.എം. എൽ.ഡി.എഫിന്റെ ഘടകകക്ഷികളുടെ വോട്ടുകൊണ്ടും സി.പി.എം. വോട്ടുകൾ കൊണ്ടും മാത്രം ഞങ്ങൾ ജയിക്കാൻ പോകുന്നില്ല. അല്ലാത്ത ഒരു വിഭാഗം വോട്ടുകൾ ഞങ്ങൾക്കുണ്ട്. അതിൽ ഒരുഭാഗം വോട്ട് കോൺഗ്രസിലേക്ക് പോയി. കാരണം അപ്പുറത്ത് ബി.ജെ.പി. ജയിക്കാൻ പാടില്ല എന്നുള്ളതുകൊണ്ട്. അതാണ് സരിൻ പറഞ്ഞത് അത് നൂറ് ശതമാനം ശരിയാണ്.

ഫാസിസ്റ്റ് ശക്തികൾ അപ്പുറം വരുന്നതിനെക്കാൾ നല്ലത് കോൺഗ്രസ് വിജയിക്കുന്നതാണെന്ന് ചിന്തിക്കുന്ന ഒരു വിഭാഗം വോട്ടർമാരിലൂടെ കുറച്ചു വോട്ട് അപ്പുറത്ത് പോയിട്ടുണ്ട്. പക്ഷെ, 18000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ച കോൺഗ്രസ് 3800–ലേക്ക് എങ്ങനെ താണു. ആ വോട്ടുകൾ എവിടെ പോയി അതിനല്ലേ കോൺഗ്രസ് മറുപടി പറയേണ്ടത്.

നടൻ ബാല വീണ്ടും വിവാഹിതനായി

കൊച്ചി: നടൻ ബാല വിവാഹിതനായി. ബന്ധു കോകിലയാണ് വധു. ബാലയുടേത് മൂന്നാം വിവാഹമാണ്. കലൂരിലെ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ വെച്ച് ഇന്ന് രാവിലെയായിരുന്നു വിവാഹം. അടുത്ത ബന്ധുക്കൾ മാത്രമാണ് വിവാഹ ചടങ്ങിൽ പങ്കെടുത്തത്.

കോടതി പരസ്യം

ബഹു. വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ

OS: 310/2023

ഗോപിനാഥൻനായർ, 72 വയസ് S/o ദാമോദരൻനായർ, പുതിയവീട്ടിൽ ഹൗസ്, കോടത്തൂർ ദേശം, പഴയന്നൂർ വില്ലേജ്, തലപ്പിള്ളി താലൂക്ക്, പഴയന്നൂർ പി ഒ., പിൻ–680587.

–അന്യായം

(D3) ചന്ദ്രമോഹൻ S/o ദാമോദരൻനായർ, പുതിയവീട്ടിൽ ഹൗസ്, കോടത്തൂർ ദേശം, പഴയന്നൂർ വില്ലേജ്, തലപ്പിള്ളി താലൂക്ക്, പഴയന്നൂർ പി ഒ., പിൻ–680587. 60 വയസ്, ഇപ്പോൾ താമസം ഇളംമ്പരകോടത്ത് ഹൗസ്, രാമപുരം ബസാർ പി ഒ., മീനച്ചിൽ താലൂക്ക്, കോട്ടയം ജില്ല, പിൻ–686576

–3–ാം പ്രതി

മേൽ നമ്പർ കേസിൽ 3–ാം പ്രതിക്കുള്ള പ്രതി സമൻ കല്പന പതിച്ചുനടത്തേണ്ടതിലേക്കായി മേൽ നമ്പർ കേസ് 15–01–2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ളവർ അന്നേദിവസം കാലത്ത് 11 മണിക്ക് നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അന്യായപ്രകാരം വിധിയാകുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 11–09–2024
അന്യായഭാഗം അഡ്വക്കേറ്റ്
PRADEEP KATTALATH (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വാർത്താച്ചുരുക്കം

* തൃശൂർ: സഹോദയ സിബിഎസ് കലോത്സവം സ്കൂളിൽ നടന്നു 6000 മത്സരാർത്ഥികൾ 75 വിദ്യാലയങ്ങൾ 146 ഇനങ്ങൾ 25 പേരുകൾ.
* തൃശൂർ: ലഹരിക്കെ എതിരായി പരിനരപ്പിള്ളി പള്ളിക്കുന്ന് അസംപ്ഷൻ ചർച്ച് പിതൃവേദിയുടെ ആഭിമുഖ്യത്തിൽ 20 വയസ്സ് വരെയുള്ളവർക്കായി 'ഗാന്ധിജിയും മദ്യനിരോധനവും' എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി.
* തൃശൂർ: അസ്ഥിരോഗ വിദഗ്ധരുടെ സംസ്ഥാന കായിക മേള തൃശൂർ ഓർത്തോപീഡിക് അസോസിയേഷന്റെ നേതൃത്വത്തിൽ തൃശൂരിൽ നടന്നു. തുടർപരിപാടിയും ഉണ്ടായി.
* തൃശൂർ: തൃശൂർ എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ പ്രതിനിധീകരിച്ച് നടക്കുന്ന സെവൻസ് ഫുട്ബോൾ അസോസിയേഷൻ തൃശൂർ മേഖല സമ്മേളനം യു പി പുരുഷോത്തമൻ നഗറിൽ (തൃശൂർ അമ്പിളിക്കല ഹോട്ടൽ) നടന്നു. മന്ത്രി കെ രാജൻ ഉദ്ഘാടനം നിർവ്വഹിച്ചു. അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് കെ എം ലെനിൻ അധ്യക്ഷത വഹിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ എം കെ വർഗ്ഗീസ്, ഐ എം വിജയൻ തുടങ്ങിയവർ പ്രസംഗിച്ചു.
* തൃശൂർ: മികച്ച ഗായകനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം നേടിയ വിദ്യാധരൻ മാസ്റ്ററെ എ സി വി (ഏഷ്യാനെറ്റ് കേബിൾ വിഷൻ) ആദരിച്ചു. പുഴക്കൽ വെഡിങ് വില്ലേജിൽ നടന്ന സ്വരദൃശ്യാമൃതം ആദരപരിപാടി മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. മേയർ എം കെ വർഗ്ഗീസ് അധ്യക്ഷനായി. കമൽ, ശ്രീനിവാസൻ, പ്രേംകുമാർ, ടി ജി രവി, ജയരാജ് വാര്യർ എന്നിവർക്ക് മെമ്മോറിയൽ അവാർഡ് സമ്മാനിച്ചു. ജോൺസൺ മാസ്റ്റർ അനുസ്മരണ ഗാനാർച്ചനയും നടന്നു. പി ബാലചന്ദ്രൻ എം എൽ എ, ടി ജെ സനീഷ്കുമാർ എം എൽ എ, അഡ്വ കെ ജി അനിൽകുമാർ, ശങ്കർ രാമകൃഷ്ണൻ, സി എസ് അജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു

കാലാവസ്ഥ മാറ്റം പ്രവചനം

തൃശ്ശൂർ: കാലാവസ്ഥ വ്യതിയാനങ്ങൾ പ്രവചിക്കാവുന്ന സാറ്റ്ലൈറ്റിന്റെ നിർമ്മാണത്തിനായി ചിറ്റിലപ്പിള്ളി ഐഇഎസ് പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ തയ്യാറെടുക്കുന്നു. രണ്ട് സ്കൂളിൽ രണ്ട് ദിവസത്തെ സാറ്റ്ലൈറ്റ് നിർമ്മാണ പരിശീലനം നടന്നു. ഐഎസ്ആർഒ യുടെ കീഴിൽ പ്രവർത്തിക്കുന്ന ബഹിരാകാശ പഠന പദ്ധതിയുടെ ഭാഗമായാണ് പരിശീലനം പഠനം. ഐഎസ്ആർഒ ശാസ്ത്രജ്ഞൻ സതീഷ് റാവുവിന്റെ നേതൃത്വത്തിൽ ശാസ്ത്രജ്ഞന്മാരായ ഡോക്ടർ സുബ്രഹ്മണ്യൻ ഡോ. സുബ്രഹ്മണ്യൻ, ഡോ. ഗോവിന്ദൻകുട്ടി, റോഷൻ ശർമ്മ ചെയർമാൻ എന്നിവർ നേതൃത്വം നൽകി.

നിര്യാതനായി സെൻസിലാവോസ് (തോമസ്)

തുറവൻകാട്: എലുവത്തിങ്കൽ കൂനൻ സെൻസിലാവോസ് (തോമസ്- 71) നിര്യാതനായി സംസ്ക്കാരം നടത്തി. പരേതനായ ദേവസ്സിയുടെ മകനാണ്. ഭാര്യ:ലില്ലി തോമസ്. മകൾ: ലിജി. മരുമകൻ:നൈജു. പരിയാരം സെൻറ് ജോർജ് പള്ളി വികാരി ഫാ.വിൽസൺ എലുവത്തിങ്കൽ കൂനൻ സഹോദരനാണ്.

കുടൽമാണിക്യത്തിലെ തണ്ടിക, തൃപ്പുത്തരി, മുക്കുടി 8, 9, 10 തിയ്യതികളിൽ

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ക്ഷേത്രത്തിലെ തണ്ടിക, തൃപ്പുത്തരി, മുക്കുടി എന്നിവ നവംബർ 8, 9, 10 തീയ്യതികളിൽ നടക്കുമെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചു.

നേച്ചേഴ്സ് എസെൻസ് 'ഗ്ലോ-ടെർണിറ്റി' ടൂർ സംഘടിപ്പിക്കുന്നു

കൊച്ചി: നേച്ചേഴ്സ് എസെൻസ് പ്രൊഫഷണലുകൾ അതിന്റെ പ്രധാന പരിപാടിയായ "ഗ്ലോ-ടെർണിറ്റി"യുടെ വിജയകരമായ ത്രിനഗര പര്യടനം അടുത്തിടെ പൂർത്തിയാക്കി. ഈ വിദ്യാഭ്യാസ സെമിനാർ പരമ്പര സലൂൺ പ്രൊഫഷണലുകളെയും വനിതാ സംരംഭകരെയും ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. കൊച്ചി, ഡൽഹി, ബെംഗളൂരു എന്നിവിടങ്ങളിൽ നടന്ന സെമിനാറുകൾ 750-ലധികം സലൂൺ പ്രൊഫഷണലുകളെ ആകർഷിച്ചു, അവിടെ പ്രമുഖ വ്യവസായ വിദഗ്ധർ സൗന്ദര്യത്തിലും ആരോഗ്യത്തിലുമുള്ള ഏറ്റവും പുതിയ ട്രെൻഡുകൾ, സാങ്കേതികവിദ്യകൾ, പുതുമകൾ എന്നിവയെക്കുറിച്ചുള്ള അറിവ് പങ്കിട്ടു

മുല്ലനേഴി പുരസ്കാരം ശശിധരൻ നടുവിലിന്

തൃശ്ശൂർ: 2004ലെ മുല്ലനേഴി പുരസ്കാരത്തിന് നാടക സംവിധായകൻ ശശിധരൻ നടുവിൽ അർഹനായി പ്രശസ്ത കവി നേടി. മുല്ലനേഴ് ഫൗണ്ടേഷനും അവിണിശ്ശേരി സർവീസ് സഹകരണ ബാങ്കും ഏർപ്പെടുത്തിയ പുരസ്കാരം 15001 രൂപയും ശിൽപവും അടങ്ങുന്നതാണ്.

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ മുല്ലനേഴ് വിദ്യാലയ കാവ്യ പ്രതിഭാ പുരസ്കാരത്തിന് വിവിധ ജില്ലകളിൽ നിന്നായി 5 വിദ്യാർത്ഥികൾ അർഹരായി. അൽഹ സീൻ ((ആറാം ക്ലാസ് എ യു പി എസ് പൊമ്പ്ര, ധനുജ് എ (ജിഎൽ പി എസ് വാടാനകുറിശ്ശി), ജെസ്സ അൻവർ (നാലാം ക്ലാസ് ജി എം എൽ പി എസ് കരിങ്കല്ലത്താണി ചെത്തല്ലൂർ), അനാമിക ഉണ്ണികൃഷ്ണൻ (എട്ടാം ക്ലാസ് ജി എച്ച് എസ് എസ് വരവൂർ) ആദ്യ തലേര (ആറാം ക്ലാസ് ജിഎച്ച് എസ്എസ് ചാത്തന്നൂർ) എന്നിവർ അർഹരായി. പ്രശംസാ ഫലകവും പുസ്തകനിധിയും ആണ് സമ്മാനം.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ

CMP EXE: 22/2024, MC: 163/2023

തസ്ലീന (30 വയസ്) D/o. ബീരാൻ, തുരുത്തുമ്മൽ ഹൗസ്, പാലപ്പെട്ടി പി ഒ., പെരുമ്പടപ്പ് വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല, പിൻ-679579

-ഹരജിക്കാരി

മുഹമ്മദ് ഷെഫീഖ് ആർ വി., (34 വയസ്) S/o. ഉസ്മാൻ രായംമരക്കാർ ഹൗസ്, വട്ടേക്കാട് പി ഒ., ഒരുമനയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല, പിൻ-680502

- എതൃകക്ഷി

ഹരജിക്കാരി എതൃകക്ഷിയിൽ നിന്നും വിധി സംഖ്യ ഈടാക്കി എടുക്കുന്നതിനായി ബോധിപ്പിച്ച മേൽ നമ്പർ കേസിൽ എതിർകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തി കല്പിച്ച് കേസ് 07-11-2024 തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് എതൃകക്ഷിയോ അധികാരപ്പെടുത്തിയ അഡ്വക്കെറ്റോ ബഹു. കോടതി മുമ്പാകെ ഹാജരാകാത്തപക്ഷം എതൃകക്ഷിയെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

എന്ന്, 10-10-2024

ഹരജിഭാഗം അഡ്വക്കെറ്റ്

ഷീബ ഫൈസൽ(ഒപ്പ്)

കൂടൽമാണിക്യം ദേവസ്വം കീഴേടം അയ്യങ്കാവ് ക്ഷേത്രത്തിലെ ഉപദേവനായ ശാസ്താവിന്റെ പ്രതിഷ്ഠാദിനം ഇരിഞ്ഞാലക്കുട നീരജിന്റെ നേതൃത്വത്തിൽ നടത്തിയപഞ്ചാരിമേളം.

ആമകൾക്ക് ഭക്ഷണം നൽകുന്ന സത്പ്രവർത്തി ചെയ്തു വന്നിരുന്ന ജവാൻ സന്തോഷിനെ ആദരിച്ചു

തൃശൂർ: വർഷങ്ങളായി ആമകൾക്ക് ഭക്ഷണം നൽകുന്ന സത്കർമ്മം ചെയ്തു വന്നിരുന്ന ജവാൻ സന്തോഷിനെ പ്രകൃതി സംരക്ഷണ സംഘം കേരളത്തിന്റെ നേതൃത്വത്തിൽ ഔഷധി പഞ്ചകർമ്മ ആയൂർവേദ ആശുപത്രിയിൽ വെച്ച് ആദരിച്ചു. തൃശൂർ എം എൽ എ ബാലചന്ദ്രൻ പി ആദരവും ഫലവൃക്ഷ തൈ യും കൈമാറി.

പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന സെക്രട്ടറി ഷാജി തോമസ് എൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഔഷധി പഞ്ചകർമ്മ ആയൂർവേദ ആശുപത്രി സൂപ്രണ്ട് ഡോക്ടർ.രജിതൻ മുഖ്യാതിഥി ആയിരുന്നു. പ്രകൃതി സംരക്ഷണ സംഘം തൃശൂർ ഏരിയാ കമ്മറ്റിയംഗം സന്തോഷ് കുമാർ ആശംസകൾ അറിയിച്ചു.

പ്രകൃതി സംരക്ഷണ സംഘം തൃശൂർ മീഡിയാ കോർഡിനേറ്റർ സജി ആറ്റത്ര ചടങ്ങുകൾക്ക് നന്ദി പറഞ്ഞു. 1980 മിലിട്ടറിയിൽ പ്രവേശിച്ച് 1996 വരെ സേവനം അനുഷ്ഠിച്ച ജവാൻ സന്തോഷ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇദേഹം രണ്ട് വർഷം മുമ്പാണ് പാറമേക്കാവ് അമ്പലത്തിനു സമീപം വെജിറ്റേറിയൻ ഹോട്ടൽ ആരംഭിച്ചത്. ഒരു ദിവസം രാത്രി സമയത്ത് ഹോട്ടലിന്റെ പുറകിൽ കിടന്നിരുന്ന ഭക്ഷണം കഴിക്കുന്ന ആയെ കണ്ടപ്പോൾ പിറ്റെ ദിവസംഅവിടെ നല്ല കുറച്ച് ഭക്ഷണം ഒരു പാത്രത്തിൽ വെച്ച് കാത്തിരുന്നു. അന്ന് ആ ആമയോടൊപ്പം വേറെ ആമകളും വന്ന് ഭക്ഷണം കഴിക്കുന്ന കാഴ്ച അദ്ദേഹത്തിന്റെ മനസിനു സന്തോഷമായി.

അന്നുമുതൽ മുടങ്ങാതെ സന്തോഷ് ഭക്ഷണം നൽകി വന്നിരുന്ന വിവരം പത്രമാധ്യമങ്ങളിൽ നിന്നും അറിഞ്ഞ പ്രകൃതി സംരക്ഷണ സംഘം പ്രവർത്തകർ അദ്ദേഹത്തിനെ നേരിൽ ബന്ധപ്പെട്ട് വിവരം അറിഞ്ഞതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ചടങ്ങ് സംഘടിപ്പിച്ചത്.

ആമകളുടെ അന്നദാതാവായ ജവാനെ പ്രകൃതി സംരക്ഷണ സംഘം ആദരിച്ചു. തൃശൂർ എം എൽ എ പി. ബാലചന്ദ്രൻ ആദരവ് നല്കുന്നു.

ഡോക്ടർ എൻ ആർ മാധവ മേനോൻ അവാർഡ്

തൃശ്ശൂർ: ഡോക്ടർ എൻ ആർ മാധവൻ എന്റഡോവ്മെന്റ് അവാർഡ് ഏർപ്പെടുത്താൻ ബാർ കൗൺസിൽ ഓഫ് കേരള തീരുമാനിച്ചു.

ഇന്ത്യയിൽ പഞ്ചവത്സര സംയോജിത എൽഎൻബി കോഴ്സിന്റെ ആശയം രൂപപ്പെടുത്തിയതിന്റെ ബഹുമതി പ്രൊഫ. ഡോ.എൻ ആർ മേനോനാണ്. ഒക്ടോബർ 26ന് തൃശ്ശൂർ ഡിബിസിഎൽസി യിൽ വെച്ച് നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ മുഖ്യാതിഥിയായി സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് സൂര്യകാന്ത് പങ്കെടുക്കും. നിയമരംഗത്ത് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് സുപ്രീംകോടതി ജഡ്ജി കുര്യൻ ജോസഫിന് പുരസ്കാരം സമ്മാനിക്കും.

കേരള ഹൈക്കോടതി ജഡ്ജിമാരായ മുഹമ്മദ് മുസ്താഖ്, ജസ്റ്റിസ് എൻ നാഗരേഷ്, ബാർ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാൻ മനൻകുമാർ മിശ്ര, നിയമമന്ത്രി പി രാജീവ്, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, കേരള ബാർ കൗൺസിൽ ചെയർമാൻ ടി എസ് കൗൺസിൽ അംഗങ്ങൾ ഉൾപ്പെടെ ഉള്ളവർ പങ്കെടുക്കും.

എന്റെ രചനാലോകങ്ങൾ നാളെ അതിഥി ബെന്യാമിൻ

തൃശൂർ: വ്യത്യസ്തമായ ഇതിവൃത്തങ്ങളിലൂടെയും രചനാശൈലിയിലൂടെയും മലയാളികളുടെ പ്രിയപ്പെട്ട എഴുത്തുകാരനായി മാറിയ ബെന്യാമിൻ ഒക്ടോബർ 24ന് അക്കാദമിയിൽ സംഘടിപ്പിക്കുന്ന എന്റെ രചനാലോകങ്ങളിൽ പങ്കെടുക്കുന്നു. എഴുത്തുകാരുടെ രചനാനുഭവങ്ങൾ വായനക്കാരുമായി പങ്കുവയക്കാനായി സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന ആശയസംവാദ പരിപാടിയണ് എന്റെ രചനാലോകങ്ങൾ. 24ന് വൈകീട്ട് അഞ്ചിന് അക്കാദമി വൈലോപ്പിള്ളി ഹാളിലാണ് പരിപാടി. ഡോ. ഷംഷാദ് ഹുസൈൻ കെ.ടി. അദ്ധ്യക്ഷത വഹിക്കും.

ഒല്ലൂർ മാലാഖയുടെ തിരുനാൾ: സവിശേഷതകൾ

തിരുനാൾ ആരംഭം

സെന്റ് ആന്റണീസ് ഫൊറോനപള്ളി 1718 ൽ സ്ഥാപിതമായതു മുതൽ വി. അന്തോണീസിന്റെ തിരുനാളാണ് പ്രാധാന്യത്തോടെ ആഘോഷിച്ചു വന്നിരുന്നത്. വി. അന്തോണീസിന്റെ മദ്ധ്യസ്ഥതയിൽ അനേകം അത്ഭുതങ്ങളും നടന്നിരുന്നു. എന്നാൽ പ്രതിഷ്ഠിച്ചിരുന്ന തിരുസ്വരൂപത്തിന്റെ കഴുത്തും മുഖവും നീളവും കൂടുതലും ഭംഗികേടുമൂലം വെട്ടിമാറ്റി പുതിയത് നിർമ്മിച്ചതോടുകൂടിയാണ് തിരുനാളിന്റെ പ്രാധാന്യം കുറഞ്ഞുവന്നതെന്ന് പറയപ്പെടുന്നു.

1837ൽ ഏതാനും 'റാഫേൽ' നാമധാരികൾ കൂടി ചെറിയ തോതിൽ ആഘോഷിക്കാൻ തുടങ്ങിയ വി. റാഫേൽ മാലാഖയുടെ തിരുനാളാണ് ഇന്ന് കാണുന്നവിധത്തിൽ ഒല്ലൂരിനെ വലിയ തീർത്ഥകേന്ദ്രമാക്കി മാറ്റിയത്.

1. കൂടുതുറക്കലും പ്രദക്ഷിണവും

ഒക്ടോബർ 23, 24 തിയ്യതികളിലാണ് ആരംഭം മുതൽ തിരുനാൾ ആഘോഷിച്ചുവരുന്നത്. തലേദിവസമായ 23ന് വൈകീട്ട് 6നുള്ള കൂടുതുറക്കൽ ചരിത്രപ്രസിദ്ധമാണ്. ഇതുകാണാനാണ് ആദ്യകാലങ്ങളിലും ഇന്നും ഏറ്റവും കൂടുതൽ തീർത്ഥാടകർ വന്നുചേരുന്നത്. 24 നുള്ള അടുത്ത അങ്ങാടികളിലേക്കുള്ള പ്രദക്ഷിണവും പ്രാധാന്യമർഹിക്കുന്നു.

2. തിരുനാൾ കഴിക്കലും ഭക്ഷണം നൽകലും

തൃശൂർ രൂപതയിൽ തിരുനാളിന്റെ നേർച്ചയായി തിരുനാൾ കഴിക്കൽ (ഭക്ഷണം കഴിക്കൽ) ആദ്യമായി ആരംഭിച്ചത് ഒല്ലൂരിലാണെന്ന് പറയാം. ചെറിയ സംഖ്യ വാങ്ങിയാണ് ഇത് നൽകിയിരുന്നത്. ഉദ്ദിഷ്ട കാര്യപ്രാപ്തിക്കായി മാലാഖയുടെ സന്നിധിയിൽ വന്ന് തിരുനാൾ കഴിക്കുക ജാതിമതഭേദമെന്യേ എല്ലാവർക്കും പ്രാധാന്യമുള്ളതായിരുന്നു. തിരുനാൾ ദിനങ്ങളിൽ മാത്രമേ അതിന് സൗകര്യമുണ്ടായിരുന്നുള്ളൂ. പിന്നീട് അരിയും കായയും പപ്പടവും ഭക്ഷണത്തിന് പകരമായി വീട്ടിലേക്ക് കൊണ്ടുപോകാൻ പാക്കറ്റിലായി നൽകാൻ തുടങ്ങി. അടുത്ത കാലത്ത് 'അവിലും നേർച്ചയായും നൽകിവരുന്നുണ്ട്.' ഇപ്പോൾ കൊടിയേറ്റം മുതൽ ഇത് നൽകി വരുന്നു. കൂടാതെ ഭക്ഷണ പാർസലും നൽകുന്നുമുണ്ട്.

3. പിശാചുബാധിതരുടെ തുള്ളൽ

തിരുനാൾ ദിനങ്ങളിൽ പിശാചുബാധിതരായവർ (ജാതിമതഭേദമന്യെ) മാലാഖയുടെ സന്നിധിയിൽ തുള്ളുകയും ബാധ ഒഴിഞ്ഞ് 'സുഖം പ്രാപിച്ച്' പോകുന്നതും പഴമക്കാരും ഞാനും നേരിൽ കണ്ടിട്ടുള്ളതാണ്. പള്ളി നടശാലയിലെ വടക്കേഭാഗത്ത് പീഠത്തിന് സമീപമാണ് ഇത് നടക്കാറ്. മാനസികചികിത്സ ഇന്നത്തെപ്പോലെ വ്യാപകമാകാതിരുന്ന കാലത്ത് സാധാരണക്കാർക്ക് അത് വലിയൊരനുഗ്രഹമായിരുന്നു. തൃശൂർ രൂപതയിലെ തീർത്ഥകേന്ദ്രങ്ങളിൽ കൊരട്ടിയിലും ഇവിടെയും മാത്രമാണ് ഇതുണ്ടായിരുന്നത്. എറണാകുളം രൂപതയിലെ ഇടപ്പള്ളിയിലും മറ്റുചില സ്ഥലങ്ങളിലും ഇതുണ്ടായിരുന്നു.

എന്നാൽ 1970 ൽ ചാർജ്ജെടുത്ത ബിഷപ്പ് മാർജോസഫ് കുണ്ടുകുളം 1971 ൽ കല്പന വഴി ഒല്ലൂരിലെ പിശാചുതുള്ളൽ നിരോധിച്ചു. അന്ന് ഫൊറോന വികാരി പരേതനായ റവ. ഫാ. ആന്റണി തെക്കിനിയത്ത് ആയിരുന്നു. ഒല്ലൂരിലെ ഇടവകക്കാരെ ഇളക്കിമറിച്ച ഒരു കല്പനയായിരുന്നു ഇത്. 90 ശതമാനം പേരും ഇതിനെ എതിർത്തു. എന്നാൽ വികാരിയച്ചന്റെ നിശ്ചയദാർഢ്യവും ബോധവത്കരണ പ്രസംഗങ്ങളും വിശ്വാസികളെ ഇത് ഉൾക്കൊള്ളാൻ കഴിയും വിധം മാറ്റിയെടുത്തു. പിന്നീട് വന്ന വികാരി ഫാ. ജോസഫ് കിഴക്കുംതലയും ആ പാത പിന്തുടർന്നു. അങ്ങനെ 1974 ഓടുകൂടി 'തുള്ളൽ' പൂർണ്ണമായി നിർത്തലായി.

4. തിരുനാൾ കച്ചവടം, കാർണിവൽ

തിരുനാളിനോടനുബന്ധിച്ച് സാധാരണ ചന്തമണി കച്ചവടത്തിനു പുറമേ ഫർണീച്ചറുകൾ, പോർക്ക്, കോഴി, താറാവ്, തുണി കച്ചവടങ്ങളും ആദ്യകാലത്ത് നടന്നിരുന്നു. കൂടാതെ സർക്കസുകൾ, മരണകിണർ, സിനിമ സ്ലൈഡ് പ്രദർശനം, കാർണിവല്ലുകൾ തുടങ്ങിയവ തിരുനാളിനെ ഒരു ഉത്സവമാക്കി മാറ്റാറുണ്ട്. ഇന്നും അമ്യൂസ്മെന്റ് പാർക്ക്, മരണകിണർ തുടങ്ങിയവയും വിവിധ കച്ചവടങ്ങളും നടന്നുവരുന്നുണ്ട്.

-ബേബി മൂക്കൻ

ടെമ്പിൾ സിറ്റി വൈസ് ഡിസ്ട്രിക്റ്റ് ഗവർണ്ണർമാരുടെ സന്ദർശനവും സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും

തൃപ്രയാർ: ലയൺസ് ക്ലബ് ഓഫ് തൃപ്രയാർ ടെമ്പിൾ സിറ്റി വൈസ് ഡിസ്ട്രിക്റ്റ് ഗവർണ്ണ മാരുടെ സന്ദർശനവും സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നടത്തി.

തൃപ്രയാർ ലയൺസ് ക്ലബ്ബിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് ലയൺ ആർ. ഐ എം സക്കറിയ അധ്യക്ഷത വഹിച്ചു.

സേവന പ്രവർത്തനങ്ങളുടെ ഭാഗമായി വലപ്പാട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്കുള്ള ഭക്ഷണം സ്പോൺസർ ചെയ്തു ഇതിന്റെ ഉദ്ഘാടനം ഫസ്റ്റ് ഡിസ്ട്രിക്റ്റ് ഗവർണ്ണർ ലയൺ പി. ജയകൃഷ്ണൻ നിർവ്വഹിച്ചു.

ആൽഫ പാലിയേറ്റീവ് കെയർ തളിക്കുളം ലിങ്ക് സെന്ററിലേക്കുള്ള സാമ്പത്തിക സഹായം സെക്കന്റ് ഡിസ്ട്രികറ്റ് ഗവർണ്ണർ ലയൺ സുരേഷ് വാര്യർ ആൽഫ ഭാരവാഹികൾക്ക് കൈമാറി ഒപ്പം സ്പെഷൽ നീഡ് സ്കൂളിനുള്ള സഹായവും കൈമാറ.ി

റീജിയൺ ചെയർ പേഴ്സൺ ലയൺ ആനി ജോസഫ്, സോൺ ചെയർപേഴ്സൺ ലയൺ വ്യാസ ബാബു, ഏരിയ ചെയർ പേഴ്സൺ ലയൺ രശ്മി കണ്ണൻ, റിലീസിങ്ങ് ഹംങ്കർ ഡിസ്ട്രിക്റ്റ് കോർഡിനേറ്റർ ലയൺ ബിജോയ് ആലപ്പാട്ട്, ബിജു പൊറത്തൂർ, പി.എസ്. പ്രസന്നൻ, ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു സെക്രട്ടറി ഷാജി ചാലിശ്ശേരി സ്വാഗതവും ട്രഷറർ ജോസ് താടിക്കാരൻ നന്ദിയും രേഖപ്പെടുത്തി.

എ എൻ ജി ജെയ്കോ, തോമസ് ഇ.പി. കാർത്തികേയൻ കുന്നുങ്ങൽ, രാധാകൃഷ്ണൻ പാതാട്ട്, ഹുസൈർ മുഹമ്മദ്, സജിത്ത് വേളയിൽ,റാഫി എം.സിയം, സൂരജ് വേളയിൽ,ഷൈനി സജിത്ത്, സീമ സക്കറിയ എന്നിവർ നേതൃത്വം നൽകി

കേരളത്തിലെ എല്ലാ പശുക്കൾക്കും ഇൻഷുറൻസ് പദ്ധതി നടപ്പാക്കും: മന്ത്രി ജെ. ചിഞ്ചുറാണി

ഇരിങ്ങാലക്കുട: ക്ഷീരകർഷകരുടെ പശുക്കൾക്ക് കേരള ഫീഡ്സ് നൽകുന്ന സൗജന്യ ഇൻഷുറൻസ് പരിരക്ഷാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. അടുത്ത മൂന്ന് സാമ്പത്തിക വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ പശുക്കൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ബൃഹത്തായ പദ്ധതിയാണ് കേരളം ആവിഷ്കരിക്കുന്നതെന്ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പു മന്ത്രി ജെ. ചിഞ്ചുറാണി. കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കുകയെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ കെഎഫ്എൽ ആസ്ഥാനത്ത് ക്ഷീരകർഷകരുടെ പശുക്കൾക്ക് കേരള ഫീഡ്സ് (കെഎഫ്എൽ) നൽകുന്ന സൗജന്യ ഇൻഷുറൻസ് പരിരക്ഷാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ കറവപ്പശുക്കളിൽ 95 ശതമാനവും സങ്കരയിനം പശുക്കളാണെന്ന് മന്ത്രി പറഞ്ഞു. കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് തീറ്റയുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന കേരള ഫീഡ് ആക്ട് ബില്ലിൽ നിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങൾ വിൽക്കുന്ന കമ്പനികൾക്ക് പിഴ ചുമത്തുന്നതിന് വ്യവസ്ഥകളുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. ഒമ്പത് കർഷകർക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റുകളും മന്ത്രി വിതരണം ചെയ്തു.

കന്നുകാലി തീറ്റയുടെ പ്രധാന ഘടകമായതിനാൽ കേരളത്തിൽ ചോളം കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. കേരള ഫീഡ്സ് വൈവിധ്യവൽക്കരണ പദ്ധതികളുമായി മുന്നോട്ട് പോകണമെന്നും പശുക്കൾക്കുള്ള ഇൻഷുറൻസ് പദ്ധതി നപ്പാക്കുന്ന കെഎഫ്എൽ ന്റെ പ്രവർത്തനം അഭിനന്ദനാർഹമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇടുക്കി ജില്ലയിലെ അണക്കരയിൽ നടന്ന 'പടവ് 2024' സംസ്ഥാന ക്ഷീര കർഷക സംഗമത്തിൽ വച്ചാണ് ഇൻഷുറൻസ് പദ്ധതിക്കായി 250 ക്ഷീരകർഷകരെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തത്. ക്ഷീരമേഖലയിൽ സമീപകാലത്ത് ഉണ്ടായ അഭൂതപൂർവ്വമായ വളർച്ചയെ ചൂണ്ടിക്കാട്ടി 2018-ലെയും 19-ലെയും വെള്ളപ്പൊക്കത്തിലെയും പിന്നീട് കോവിഡ് വേളയിലെയും കഠിനമായ സാഹചര്യങ്ങളെയും കെഎഫ്എല്ലിന് തരണം ചെയ്യാൻ സാധിച്ചുവെന്ന് കെഎഫ്എൽ ചെയർമാൻ കെ. ശ്രീകുമാർ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷം കേരള ഫീഡ്സിന്റെ വിറ്റുവരവ് 568 കോടി രൂപയും ലാഭം 100 കോടി രൂപയുമായിരുന്നെന്ന് റിപ്പോർട്ട് അവതരിപ്പിച്ച കെഎഫ്എൽ മാനേജിംഗ് ഡയറക്ടർ ഡോ. ബി. ശ്രീകുമാർ പറഞ്ഞു. കേരള ഫീഡ്സിന് നിലവിൽ ആറ് ജില്ലകളിൽ ഫാക്ടറികളുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെഎഫ്എൽ അസിസ്റ്റന്റ് ജനറൽ മാനേജർ ഉഷ പത്മനാഭൻ, ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ ജോജോ, ആർട്കോ മാനേജിങ് ഡയറക്ടർ മാത്യു സി.വി, തൃശ്ശൂർ ജില്ലാ പഞ്ചായത്തംഗം പി.കെ ഡേവിസ് മാസ്റ്റർ, മാള ബ്ലോക്ക് പഞ്ചായത്തംഗം സന്ധ്യ നൈസൻ, ആളൂർ ഗ്രാമപഞ്ചായത്തംഗം ഓമന ജോർജ്ജ്, തൊഴിലാളി സംഘടനാ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

'ദി ഗോഡ് പാർട്ടിക്കിൾസ്' പ്രകാശനം ചെയ്തു